## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6472 | 01.11.2011 - ൽ മറുപടിക്ക് |
|---|---|

### ആലപ്പുഴ - ആരോഗ്യ പാക്കേജ്

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ: | | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ അനുവദിച്ചിട്ടുളള ആരോഗ്യ പാക്കേജ് എന്നാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; | (എ) | പ്രോജക്ട് തയ്യാറാക്കി. ഡി.പി.സി. യുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. ഫണ്ട് വകയിരുത്തിയിട്ടില്ല. |
| (ബി) | ജില്ലയിലെ ഏതെല്ലാം മേഖലകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്; ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) | കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, പി.ഡബ്ല്യു.ഡി, തദ്ദേശ സ്വയംഭരണ വിഭാഗം, അംഗൻവാടി, ആയുഷ്, മൃഗസംരക്ഷണം, ശുചിത്വ മിഷൻ എന്നീ മേഖലകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്. എലിനശീകരണം, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം, ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മാണം, ആർ.ഒ.പ്ലാന്റ് നിർമ്മാണം, പോള നശീകരണം, (നീരൊഴുക്ക് സുഗമമാക്കുന്നതിന്) മാലിന്യ സംസ്ക്കരണം, ഐ.ഇ.സി. പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ, ജീവിത ശൈലി രോഗങ്ങളെപ്പറ്റി ബോധവത്ക്കരണം, കൊതുകു നശീകരണം, ജലജന്യ രോഗ നിയന്ത്രണം എന്നീ പദ്ധതികളാണ് നടപ്പാക്കുന്നത് |
| (സി) | ആരോഗ്യ പാക്കേജ് നടപ്പാക്കേണ്ട മേഖലകളും പദ്ധതികളും സംബന്ധിച്ച അന്തിമ തീരുമാനത്തിന് മുമ്പ്, എം.എൽ.എ. മാരുമായി ഒരിക്കൽ കൂടി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഇപ്പോൾ തയ്യാറാക്കിയ ഡി.പി.സി.യുടെ അംഗീകാരത്തോടുകൂടിയ പാക്കേജിന്റെ പകർപ്പ് ജില്ലയിലെ എല്ലാ എം.എൽ.എ.മാർക്കും, എം.പി. മാർക്കും നൽകിയിട്ടുണ്ട്. അവരുടെ വിലയേറിയ നിർദ്ദേശങ്ങൾ കൂടെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ